# മിലിറ്ററിസം (സൈനിക നിർണ്ണയവാദം) ജനാധിപത്യം, അറിയാനുള്ള ജനങ്ങളുടെ അവകാശം

നോം ചോംസ്കി
പരിഭാഷ : കെ.എം. വേണുഗോപാൽ

സംഘർഷങ്ങളും സംഘട്ടനങ്ങളും നിറഞ്ഞ ഒരു ലോകത്താണ് നാം ജീവിക്കുന്നതെന്നും, വർഗ്ഗസമരമാണ് അതിലെ പ്രധാന അംശമെന്നും മനസ്സിലാക്കാൻ വലിയ ഉൾക്കാഴ്ചയൊന്നും ആവശ്യമില്ല. വർഗ്ഗസമരത്തിന് അനേകം സങ്കീർണ്ണതകളും നിരവധി മാനങ്ങളും ഉണ്ടെങ്കിലും അടുത്തകാലത്തായി വർഗ്ഗ വിഭജനത്തിന്റെ വരകൾ കൂടുതൽ മൂർച്ചയിൽ തെളിഞ്ഞുവന്നിരിക്കുന്നതു കാണാം. വളരെ ലളിതമായി പറഞ്ഞാൽ ഒരു വശത്ത് ഭരണകൂടങ്ങളും സ്വകാര്യ ഉടമസ്ഥരും അടങ്ങുന്ന അധികാരകേന്ദ്രങ്ങൾ, മറുവശത്ത് ലോകത്തെമ്പാടുമുള്ള ജനസഞ്ചയങ്ങൾ. കൃത്യമായ കണക്കുകൾ നമുക്കറിയില്ലെങ്കിലും, ലോകജനതയിൽ ബഹുഭൂരിപക്ഷവും വിശാലാടിസ്ഥാനത്തിൽ പ്രാധാന്യമർഹിക്കുന്ന പല പ്രശ്നങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രാപ്തിയില്ലാത്തവരാണ്. കാരണം ഇങ്ങനെ ചെയ്യാൻ ഒരളവുവരെ സവിശേഷമായ വരേണ്യപദവി ആവശ്യമാണ്. എന്നാൽ മുൻ ചൊന്ന അധികാരകേന്ദ്രങ്ങൾക്ക് എപ്പോഴും യുദ്ധത്തിന് കോപ്പുകൂട്ടാൻ കഴിയും. അവർ ഒരിയ്ക്കലും നിർത്തുന്നില്ല. കിട്ടുന്ന ഓരോ അവസരവും ഉപയോഗിച്ച് ഏറ്റവും ദയാശൂന്യമായി അവരുടെ അജണ്ട അവർ മുന്നോട്ട് കൊണ്ടുപോകുന്നു. പ്രതിസന്ധികളാണ് അവർ പ്രത്യേകമായും തങ്ങൾക്കനുകൂലമാക്കി മാറ്റാൻ ശ്രമിക്കുന്നത്. ഭൂകമ്പം പോലുള്ള പ്രകൃതി ദുരന്തമായാലും, യുദ്ധമായാലും സെപ്തംബർ 11ന് ശേഷമുള്ള ലോക സാഹചര്യമായാലും എല്ലാം ഇക്കാര്യത്തിൽ അവർക്ക് ഒരുപോലെയാണ്. ഭയത്തിന്റെയും കഠിനമായ വിഹ്വലതയുടെയും അന്തരീക്ഷം അവർ ചൂഷണം ചെയ്യുമെന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാനും കണ്ടെത്താനും കഴിയും. അവരുടെ പ്രതിയോഗികൾ ഭയന്നുപോവുകയോ ശ്രദ്ധ മറ്റിടങ്ങളിലേക്ക് തിരിയുകയോ ചെയ്യുമ്പോൾ യാതൊരു തടസ്സവുമില്ലാതെ സ്വന്തം പരിപാടികളുമായി മുന്നോട്ടു പോകാമെന്നാണ് അവർ കരുതുന്നത്. മാത്രമല്ല കിട്ടിയ സന്ദർഭം ഉപയോഗിച്ച് സ്വന്തം പരിപാടി കൂടുതൽ ഊർജ്ജിതമാക്കുകയാണ് യഥാർത്ഥത്തിലവർ ചെയ്യുന്നത്. എതിർപക്ഷത്തുള്ളവർക്ക് ഈ ദുഷ്ടലാക്കിനെ തിരിച്ചറിയുകയും തത്സംബന്ധമായ ചട്ടക്കൂട് തള്ളിക്കളയുകയും ചെയ്യാനുള്ള ഉത്തരവാദിത്തമാണുള്ളത്. ഏറ്റവും പുതിയ പ്രതിസന്ധിക്ക് തൊട്ടുമുമ്പുണ്ടായിരുന്നതുപോലെ അടിസ്ഥാന പ്രശ്നങ്ങളിലേക്ക് വീണ്ടും ശ്രദ്ധ പതിപ്പിക്കുന്നതിനുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് എതിർപക്ഷത്തിന് ആവശ്യം. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും നേരെ ദൂരവ്യാപക ഫലങ്ങൾ ഉണ്ടാക്കുന്ന കടന്നാക്രമണമായ മിലിട്ടറിസം (സൈനികനിർണ്ണയവാദം) മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി നിയോലിബറൽ പരിപാടിയുടെ മുഖ്യവശമായി കഴിഞ്ഞ 20-25 വർഷങ്ങളായി നിലനിൽക്കുന്നുവെന്നതാണ് അടിസ്ഥാന പ്രശ്നം.

ഞാൻ ഇവിടെ സംസാരിക്കാനാഗ്രഹിക്കുന്നത് മേൽ സൂചിപ്പിച്ചതരം കാര്യങ്ങളാണ്. എന്റെ പ്രസംഗത്തിനു ശേഷം ഓരോ കാര്യത്തിലും തുറന്ന ചർച്ച നടക്കുമെന്നതിനാൽ, ഇതിലെ പരിമിതികൾ ചർച്ചക്ക് തടസ്സമാകരുതെന്ന് നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നു. പക്ഷെ എനിക്ക് ഈ വിഷയങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഇപ്പോൾ നമ്മുടെ മുന്നിൽ ചുരുൾ നിവരുന്ന തീവ്രമായ മാനവിക ദുരന്തത്തെക്കുറിച്ച് ഒരു വാക്കെങ്കിലും പറയാതെവയ്യ. സെപ്തംബർ 11-ന് ശേഷം യു.എസും സഖ്യശക്തികളും ചേർന്ന് ആസൂത്രിതമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന മാനവിക ദുരന്തത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. ഐക്യരാഷ്ട്രസഭയിലെ മനുഷ്യവകാശവകുപ്പ് ഹൈക്കമ്മീഷണർ മേരി റോബിൻസൺ അഫ്ഗാനിസ്ഥാനിൽ യു.എസ്. ബോംബാക്രമണം ഉടൻ നിർത്തണമെന്നാവശ്യപ്പെട്ടതും അത് നിർത്തിയില്ലെങ്കിൽ റുവാണ്ടയുടെ മാതൃകയിലുള്ള മറ്റൊരു മനുഷ്യക്കുരുതിയാവർത്തിക്കുമെന്ന് മുന്നറിയിപ്പ് നൽകിയതും അതിശയോക്തി പ്രയോഗമായിരുന്നില്ല. യു.എസ്. കണക്കുകൾ അനുസരിച്ചുതന്നെ പറഞ്ഞാൽ ബോംബിംഗ് ആരംഭിച്ച സമയത്ത് പട്ടിണി ഭീഷണിയിലായിരുന്നത് 50 ലക്ഷം അഫ്ഗാൻ ജനതയായിരുന്നുവെങ്കിൽ ഇപ്പോൾ തുടർച്ചയായി നടക്കുന്ന ബോംബാക്രമണം അവരുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്.

അതായത് 25 ലക്ഷം പേർ അധികമായി പട്ടിണിയുടെയും മരണത്തിന്റെയും അതിർത്തികളിലേക്ക് തള്ളപ്പെട്ടിരിക്കുന്നു. എന്നിട്ടും മേരി റോബിൻസന്റെ അപേക്ഷ നിരാകരിക്കപ്പെട്ടു. അത് രേഖപ്പെടുത്തുകപോലും ചെയ്തില്ല. യു.എസ്. പത്രങ്ങളിലാകെ പരതിനോക്കിയാൽ അക്ഷരാർത്ഥത്തിൽ വെറും മൂന്ന് ചിതറിയ വാചകങ്ങളാണ് അതു സംബന്ധിച്ച് അച്ചടിച്ചുവന്നത്. മറ്റ് ഉന്നതരായ ഐക്യരാഷ്ട്രസഭാ ഉദ്യോഗസ്ഥന്മാരുടെയോ സഹായ ഏജൻസികളുടെയോ ഭാഗത്തുനിന്നുണ്ടായ അപേക്ഷകളെക്കുറിച്ച് പരാമർശം തന്നെ ഉണ്ടായില്ല.

(ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ 2001 നവംബർ 5ന് നോം ചോംസ്കി നടത്തിയ പ്രഭാഷണം: അറിയാനുള്ള അവകാശത്തിനുവേണ്ടിയുള്ള ദേശീയ ക്യാംപെയിനിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട്)

*(തുടരും)*